**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 801** **30-01-2024 - ൽ മറുപടിയ്ക്ക്**

**യുവജന സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ പ്രഖ്യാപിച്ച പ്രകാരം എത്ര യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു; വെളിപ്പെടുത്താമോ; | (എ) | സർക്കാരിന്റെ ഒന്നാംഘട്ട നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി നിലവിൽ 32 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാംഘട്ട നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി ഒരു ജില്ലയിൽ ഒന്നു വീതം എന്ന രീതിയിൽ 14 പട്ടികജാതി/പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങളും മൂന്നാംഘട്ട നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 3 യുവ വനിതാ സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പുതിയ സംഘങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ? | (ബി) | കേരള സഹകരണ നിയമം ചട്ടങ്ങൾ, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവ പ്രകാരമുള്ള യോഗ്യതകൾ/മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകളിൽ രജിസ്ട്രേഷൻ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ